"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ്- കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിലെ താല്കാലിക ജീവനക്കാർക്ക് 21.07.2018 ലെ സ.ഉ.(അച്ചടി) നം.112/2018/ധന പ്രകാരമുള്ള വേതന വർദ്ധനവ് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭവനനിർമ്മാണ(എ) വകുപ്പ്

G.O.(Ms) No.9/2025/HSG തീയതി,തിരുവനന്തപുരം, 21-10-2025

---

പരാമർശം:-

1. 21.07.2018-ലെ സ.ഉ. (അച്ചടി) നം.112/2018/ധന നമ്പർ ഉത്തരവ്
2. കേരള സംസ്ഥാന നിർമ്മിതി കേന്ദ്ര എംപ്ലോയീസ് വെൽഫെയർ അസോസിയേഷന്റെ 7/6/2024 ലെ അപേക്ഷ
3. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടറുടെ 08.04.2025 ലെ KESNIK/378/23-OA1(Admin) നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിലെ കരാർ ജീവനക്കാരുടെ മിനിമം വേതനം ഉയർത്താൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കേരള സംസ്ഥാന നിർമ്മിതി കേന്ദ്ര ജീവനക്കാരുടെ അസോസിയേഷൻ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം നിലവിൽ ലാഭത്തിലാണ് പ്രവർത്തിക്കുന്നതെന്നും, സ്ഥാപനത്തിലെ കരാർ/ദിവസവേതന ജീവനക്കാരുടെ വേതനം പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ വർദ്ധിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണെന്നും വേതന വർദ്ധനവിലൂടെ സർക്കാരിന് അധിക ബാദ്ധ്യത ഉണ്ടാകില്ലായെന്നും മുഴുവൻ സാമ്പത്തിക ബാധ്യതയും കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം വഹിക്കുന്നതാണെന്നും കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വേതന വർദ്ധനവ് വഴി ഉണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത സ്ഥാപനം തന്നെ കണ്ടെത്തേണ്ടതാണെന്നും, ഈയിനത്തിലുള്ള ഒരു ബാദ്ധ്യതയും സർക്കാർ ഏറ്റെടുക്കുന്നതല്ലെന്നുമുള്ള നിബന്ധനകൾക്ക് വിധേയമായി, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിലെ താല്കാലിക ജീവനക്കാർക്ക് ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം, പരാമർശം (1) ഉത്തരവ് പ്രകാരമുള്ള വേതന വർദ്ധനവ്

നൽകുന്നതിന് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

| Sl. No. | Name of Post | Hike approved as per G.O(P)No.112/2018/Fin dtd 21.07.2018 | |
|---|---|---|---|
| | | **Contract (Consolidated pay)** | **Daily Wages** |
| 1 | Sweeper (House Keeper) | Rs.17,675/- (CAT I) | Rs.645/- (Max Rs.17,420/-pm) -CAT I |
| 2 | Field Asst./Watchman/ Trainer/ Messenger | Rs.17,675/- (CAT I) | Rs.645/- (Max Rs.17,420/-pm) -CAT I |
| 3 | Office Asst./ Driver Gr.II | Rs.19,280/- (CAT II) | Rs.700/- (Max Rs.18,900/-pm) -CAT II |
| 4 | Work Supervisor/ Electrical Supervisor/ Electrician | Rs.19,280/- (CAT II) | Rs.700/- (Max Rs.18,900/-pm) -CAT II |
| 5 | Accountant | Rs.20,350/- (CAT III) | Rs.725/- (Max Rs.20,300/-pm) -CAT III |
| 6 | D'man/ Site Supervisor / Sub Engineer Gr.II/ Overseer Gr.II | Rs.20,350/- (CAT III) | Rs.725/- (Max Rs.20,300/-pm) -CAT III |
| 7 | Technical Asst./Computer Programmer/ Sub Engineer Gr. I/ Overseer Gr.I, D'man Gr.I | Rs. 27,010/- (CAT VI) | Rs.915/- (Max Rs.26,550/-pm) -CAT VI |
| 8 | Assistant Manager | Rs.31,290/- (CAT IX) | Rs.1050/- (Max Rs.30,450/-pm) - CAT IX |
| 9 | Sub Architect/ Sub Engineer (Hr.Gr.) | Rs.34,605/- (CAT X) | Rs.1155/- (Max Rs.34,650/-pm) -CAT X |
| 10 | Computer Engineer / Habitat Engineer | Rs. 42,305/- (CAT XI) | Rs.1395/- (Max Rs.41,850/-pm) |
| 11 | Administrative Manager | Rs. 42,305/- (CAT XI) | No employees on daily wage |

| | | | |
|---|---|---|---|
| 12 | One Accounts Manager on contract basis has been approved by the Executive Committee / Governing Body (29th GB) | Rs. 42,305/- (CAT XI) | No employees on daily wage |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M G RAJAMANICKAM
SECRETARY

ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(3019563/WW-WW1/9/2025-Fin)
വെബ് & ന്യൂമീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
Date: 22-10-2025 10:51:51
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു. റവന്യൂ ഭവനനിർമ്മാണ വകുപ്പ് മന്ത്രിയുടെ പി.എസ് ന് .
ഭവനനിർമ്മാണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്.